<u>**15 -ാം കേരള നിയമസഭ**</u>

<u>**6 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 346**</u> <u>**23-08-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ലൈഫ് മിഷൻ മുഖേനയുള്ള ഫ്ലാറ്റ് നിർമ്മാണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ നഗരസഭയിലെ കോറോം പ്രദേശത്ത് നടന്നുവരുന്ന ലൈഫ് മിഷന്റെ ഫ്ലാറ്റ് നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് നിർത്തിവച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | പയ്യന്നൂർ നഗരസഭയിലെ കോറോം പ്രദേശത്തെ ലൈഫ് ഭവന സമുച്ചയത്തിന്റെ കരാർ ഏറ്റെടുത്തിട്ടുള്ള M/s Mitsumi എന്ന ഏജൻസി, സ്റ്റീൽ ഉപയോഗിച്ചുള്ള Prefab സാങ്കേതിക വിദ്യയിൽ നിർമ്മിക്കുന്ന ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം , ഇരുമ്പിന്റെ വിലക്കയറ്റവും, കോവിഡ് 19, പ്രളയം, എന്നിവ കാരണം നിർമ്മാണം തുടർന്ന് നടത്തുന്നതിന് കരാർ തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ട് പ്രവൃത്തികൾ നിർത്തിവെച്ചിരിക്കുകയാണ്. |
| (ബി) | നിർമ്മാണ പ്രവൃത്തി എപ്പോൾ പുനരാരംഭിക്കുമെന്നാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ള കമ്പനി അറിയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | നിർമ്മാണ പ്രവൃത്തികൾ ഒരാഴ്ചയ്ക്കകം പുന:രാരംഭിക്കുമെന്ന് കരാർ കമ്പനി അറിയിച്ചിട്ടുണ്ട്. |
| (സി) | ഫ്ലാറ്റുകൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് എപ്പോൾ കൈമാറാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | പരമാവധി വേഗത്തിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു . |

സെക്ഷൻ ഓഫീസർ